LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സ്റ്റീഫൻ ജോർജ്: അങ്ങനെ വധിക്കാൻ പോകുന്നു എന്നു പറഞ്ഞ് ആത്മഹത്യ ചെയ്യേണ്ട കാര്യമൊന്നുമില്ല. അതൊന്നും അടിസ്ഥാനപരമായ പ്രശ്നങ്ങളല്ല. ആത്മഹത്യയിൽ ഒന്നാം സ്ഥാനത്തായിരുന്ന ഗോവയെപ്പോലും കടത്തി വെട്ടിക്കൊണ്ട് ഏറ്റവും കൂടുതൽ ആത്മഹത്യകൾ നടക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായി കേരളം മാറിയിരിക്കുന്നു. കേരളം സുന്ദരമായ ഒരു നാടായിരുന്നു. ആത്മഹത്യകളുടെ കാര്യത്തിൽ കേരളം ഒരു ദുരന്ത സംസ്ഥാനമായി മാറിയിരിക്കുന്നു. സ്വയംഹത്യ ചെയ്യുന്നവരുടെ നാടായി കേരളം മാറിക്കഴിഞ്ഞതിനു അടിയന്തിരമായി പരിഹാരം കണ്ടെത്തണം. ഇന്നു ഞാൻ നാളെ നീ എന്ന ക്രമത്തിലാണ് എല്ലാവരും ഈ രംഗത്തേയ്ക്കു വന്നുകൊണ്ടിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു. You can continue next time.

(ചർച്ച തുടരും)

2. 2005-ലെ കേരള പർപ്പടക നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബില്ല്

ശ്രീ. എം. മുരളി: സർ, 2005-ലെ കേരള പർപ്പടക നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. മോഹൻ കുമാർ: ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇതു ഞാൻ ഒപ്പോസ് ചെയ്യുകയാണ്.

ശ്രീ. എം. മുരളി: ഇതു കേവലം പർപ്പടക നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ മാത്രം പ്രശ്നമല്ല. പർപ്പടക നിർമ്മാണം ഒരു പാരമ്പര്യ തൊഴിലായി അല്ലെങ്കിൽ അനാദികാലം മുതൽ ഒരു കുലത്തൊഴിലായി സ്വീകരിച്ച ഒരു സമുദായത്തിന്റെ പ്രശ്നത്തിനു പരിഹാരമാണ് ഞാൻ ഈ ബില്ലിലൂടെ; ഇത്തരമൊരു നിയമനിർമ്മാണത്തിലൂടെ ഉദ്ദേശിക്കുന്നത്. പർപ്പടക നിർമ്മാണം പാരമ്പര്യ തൊഴിലായി സ്വീകരിക്കുന്നത് ഒരു സമുദായം മാത്രമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അല്ല. അതു തെറ്റാണ്. കേരളത്തിന്റെ ഭൂമിശാസ്ത്രം കൂടി പഠിക്കണം.

ശ്രീ. എം. മുരളി: ചെയറിനോടുള്ള എല്ലാ ആദരവും വച്ചുകൊണ്ടു പറയട്ടെ, യന്ത്രവൽക്കരണം വന്നപ്പോൾ, മറ്റുള്ളവർ കച്ചവടക്കണ്ണോടുകൂടി ഈ രംഗത്തേയ്ക്കു വന്നുവെന്നേയുള്ളൂ. നൂറ്റാണ്ടുകളായി ഈ രംഗത്തു പ്രവർത്തിച്ചുകൊണ്ടിരുന്നത്, കേരളത്തിൽ മാത്രമല്ല തെക്കേ ഇന്ത്യയിൽ പ്രവർത്തിച്ചു വന്നത്, ഈ കുലത്തൊഴിലിൽ ഏർപ്പെട്ട് ജീവിത മാർഗ്ഗമായി സ്വീകരിച്ചു വന്നത് വീരശൈവ സമുദായമാണ്. ഈ വീരശൈവ സമുദായം കേരളത്തിൽ ഒരു പിന്നോക്ക വിഭാഗമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. സി. മമ്മത്കോയ: ഇവിടെ ഒരു സമുദായമെന്നു പറയുന്നത് ശരിയല്ല. എന്റെ മണ്ഡലത്തിൽ ഫറൂക്ക് മേഖലയിൽ ധാരാളം പർപ്പടകം നിർമ്മിക്കുന്ന കുടുംബങ്ങളുണ്ട്. അതെല്ലാം മുസ്ലീം കുടുംബങ്ങളാണ്. ഫറൂക്ക് മേഖലയിൽ ചന്ത എന്നു പറയുന്ന പ്രദേശത്ത് പർപ്പടക നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നതെല്ലാം മുസ്ലീം കുടുംബങ്ങളാണ്. അങ്ങ് അതിലൊരു ഭേദഗതി വരുത്തണം.

ശ്രീ. എം. മുരളി: ഞാൻ പർപ്പടക നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏവരേയും ഉദ്ദേശിച്ചുകൊണ്ടാണ് ഈ ബില്ല് അവതരിപ്പിച്ചിരിക്കുന്നത്. അതിനകത്ത് ഏറെ അവശതയനുഭവിക്കുന്ന, അനാദി കാലം മുതൽ പർപ്പടക നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന വീരശൈവ സമുദായം, അവർ ഇന്നനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടു കൂടിയാണ് തൊഴിലാളികളെ മുഴുവൻ ഉൾപ്പെടുത്തി, മുസ്ലീം സമുദായത്തിൽപ്പെട്ടവരുണ്ടെങ്കിൽ അവർ, ആരുമാകട്ടെ ഈ രംഗത്തു പ്രവർത്തിക്കുന്നവരെ മുഴുവൻ നമുക്ക് ഉൾപ്പെടുത്താം.

ശ്രീ. ടി. കെ. ദേവകുമാർ: ഒരു കുലത്തൊഴിൽ എന്ന തരത്തിലെടുക്കുമ്പോൾ, വീരശൈവ വിഭാഗത്തിൽപ്പെട്ടവരുടേതാണ് പർപ്പടക നിർമ്മാണം എന്നതല്ലേ ശരി. വിശിഷ്യാ, മധ്യതിരുവിതാംകൂറിൽ ഈ വിഭാഗം ആളുകൾ ഒട്ടേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതു നമുക്ക് നേരിട്ടു ബോദ്ധ്യപ്പെടാൻ കഴിയുന്നതാണ്. വളരെയേറെ അവഗണന അനുഭവിക്കുന്ന ഇവരുടെ തൊഴിലിനെ ഒരു ചെറുകിട വ്യവസായമായിട്ടെങ്കിലും പരിഗണിക്കാൻ മാറി മാറി വന്ന സർക്കാരുകളും ശ്രദ്ധിച്ചിട്ടില്ല എന്നുള്ളതു അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. മുരളി: എനിക്കും അങ്ങേയ്ക്കുമറിയാവുന്ന മധ്യതിരുവിതാംകൂറിൽ മാത്രമല്ല കേരളം മുഴുവനുമുള്ള ആളുകൾ ഈ രംഗത്തേയ്ക്കു കടന്നു വന്നപ്പോൾ, ഈ കുലത്തൊഴിലിൽ നിന്നും അവർ പുറത്തു പോകുകയാണ് ചെയ്തത്. ഇവരുടെ ജീവിത മാർഗ്ഗം അടയുകയാണ്. യന്ത്രവൽക്കരണം കടന്നു വന്ന്, ആധുനിക രീതിയിൽ അന്നന്ന് പർപ്പടകമുണ്ടാക്കി, പർപ്പടക നിർമ്മാണം പുതിയ ഭാവത്തിലും രൂപത്തിലും വന്നപ്പോൾ, പർപ്പടകമുണ്ടാക്കി അതു കൊണ്ടു നടന്ന് ജീവിത മാർഗ്ഗം കണ്ടെത്തുന്ന രണ്ടു ലക്ഷത്തോളം കുടുംബങ്ങൾ കേരളത്തിലുണ്ട്. ആകെ വീരശൈവരുടെ എണ്ണം 15 ലക്ഷമാണെങ്കിൽ അതിൽ 9 ലക്ഷത്തോളം ആളുകളും കുടുംബത്തൊഴിലായി പർപ്പടക നിർമ്മാണത്തിൽ ഇപ്പോഴും ഏർപ്പെടുന്നവരാണ്.

ശ്രീ. ടി. കെ. ബാലൻ: ബഹുമാനപ്പെട്ട മെമ്പർ കൊണ്ടു വന്ന ഈ ബില്ല് കേരളത്തിനാകെ ബാധകമാകേണ്ട ഒരു ബില്ലാണല്ലോ? വടക്കേ മലബാറിലൊക്കെ പപ്പടം എന്നല്ലാതെ പർപ്പടകം എന്നു പറയുന്ന ഒരു ഏർപ്പാടില്ല. അതുകൊണ്ട് അതിനു കൃത്യമായ ഒരു യൂസേജും ഉണ്ടാക്കണം.

ശ്രീ. എം. മുരളി : അത് പർപ്പടകം തന്നെയാണ്. മലബാറുകാർക്ക് കുറെക്കൂടി സ്പീഡാണല്ലോ. അതുകൊണ്ടാണ് 'പപ്പടം' 'പപ്പടം' എന്നുപറയുന്നത്. ഈ വിഭാഗത്തിൽപ്പെട്ട വീരശൈവരെക്കുറിച്ച് ചരിത്രപരമായ ചില വസ്തുതകൾ പറയാൻ ആഗ്രഹിക്കുകയാണ്. വീരശൈവർ, യോഗി, ഇങ്ങനെ ഇവരെ പലസ്ഥലത്തും പല രീതിയിലാണ് അറിയപ്പെടുന്നത്. യോഗി, യോഗീശ്വര വൈരാഗി, പണ്ടാരം, പണ്ടാരൻ, മടപതി, ഗുരുക്കൾ, യോഗീഗുരുക്കൾ തൃശ്ശൂർ ജില്ലയിൽ ഇവർ ചെട്ടിയാർ എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

അറിയപ്പെടുന്നത്. ലിംഗായത്തുകൾ, അമ്പലക്കാരൻ, പൂജാരി, ജംഗമം എന്നീ വിഭാഗത്തിൽ കുലത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെ വീരശൈവസമുദായമായിട്ടാണ് കേരളത്തിൽ അറിയപ്പെടുന്നത്. കർണ്ണാടകത്തിൽ ഇവർ പ്രബലവിഭാഗമാണ്. ലിംഗായത്തുകൾ, ശിവലിംഗധാരികളായി ലിംഗായത്തുകൾ. നമ്മുടെ മുൻ ഉപരാഷ്ട്രപതി ബി.ടി. ജെട്ടി ഉൾപ്പെടെയുള്ള പ്രമുഖ വ്യക്തികൾ ഈ സമുദായത്തിൽപ്പെട്ടവരാണ്. കർണ്ണാടകത്തിൽ ഇവർക്ക് വലിയ രാഷ്ട്രീയ ശക്തിയാണ്. ഭരണരംഗത്ത് വലിയ സ്വാധീനം ചെലുത്തുന്നവരാണ്. പക്ഷെ കേരളത്തിൽ വരുമ്പോൾ 1950 കാലഘട്ടത്തിൽ അവർ പട്ടികജാതിക്കാരായിരുന്നു. 1952-ൽ അവരെ പട്ടികജാതിയിൽ നിന്ന് പുറത്താക്കി. പട്ടികജാതിയിൽ നിന്ന് പുറത്താക്കിക്കഴിഞ്ഞപ്പോൾ ഈ പാരമ്പര്യതൊഴിലിൽ ഏർപ്പെട്ടിരുന്ന ഇവർക്ക് കിട്ടിയിരുന്ന ആനുകൂല്യങ്ങൾ ഒന്നടങ്കം ഇല്ലാതായി. തിരുകൊച്ചിയിൽ പട്ടികജാതി വിഭാഗമായിരുന്ന വീരശൈവർ ഇന്ന് ഒരു ആനുകൂല്യവും പരിഗണനയും ലഭിക്കാത്ത ജനവിഭാഗമായി മാറിയിരിക്കുകയാണ്. ഇവർ ഒ.ബി.സി.-യിൽ ഉണ്ടായിരുന്നു. നിർഭാഗ്യവശാൽ 1996-ൽ ഒരു കമ്മീഷൻ റിപ്പോർട്ട് വെച്ചുകൊണ്ട് അവരെ ഒ.ബി.സി.-യിൽ നിന്ന് പുറത്താക്കി. ഒരുകാലത്ത് പട്ടികജാതിക്കാരായിരുന്ന ഈ പർപ്പടക നിർമ്മാണത്തിലേർപ്പെട്ടിരുന്ന വിരശൈവസമുദായത്തിന് ഇന്ന് ഒ.ബി.സി.-യുടെ ആനുകൂല്യംപോലും കിട്ടാതെ പുറംതള്ളിയിരിക്കുകയാണ്. ഈ തൊഴിലിൽ ഏർപ്പെട്ടുകൊണ്ട് നിത്യവൃത്തി കഴിക്കുന്ന ജനവിഭാഗത്തെ സംരക്ഷിക്കാൻ, വീരശൈവരുടെ കാര്യം മാത്രമല്ല, അല്ലെങ്കിൽ ഈ ഉപവിഭാഗങ്ങളുടെ കാര്യം മാത്രമല്ല ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന മുഴുവൻ ആളുകൾക്കും ഇതൊരു കൈത്തൊഴിലായി അംഗീകരിക്കണം. യന്ത്രം കടന്നുവരുമ്പോൾ ചെറുകിട യൂണിറ്റല്ല, പാരമ്പര്യ തൊഴിലല്ല വൻകിട മേഖലയായിട്ട് ഇത് മാറും. യന്ത്രവൽക്കരണം നടപ്പിലാക്കിയിരിക്കുന്ന പർപ്പടക നിർമ്മാണത്തെ തൽക്കാലം മാറ്റിനിർത്തിക്കൊണ്ട് ഒരു കൈത്തൊഴിലായി ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്ന ജനവിഭാഗത്തെ മുഴുവൻ സംരക്ഷിക്കാനായിട്ട് ഒരു ക്ഷേമനിധി രൂപീകരിക്കണം. ഒൻപത് ലക്ഷത്തോളം വരുന്നവർ ഒരു കുടുംബത്തൊഴിലായിട്ടാണ് ഇതിൽ ഏർപ്പെട്ടിരിക്കുന്നത്. രണ്ടരലക്ഷത്തോളം കുടുംബങ്ങൾ ഈ തൊഴിലിൽ ഇന്നും ഏർപ്പെട്ടിരിക്കുന്നു. ഇവരിൽ വിദ്യാഭ്യാസം ലഭിച്ചവർ വളരെയേറെപ്പേരുണ്ടെങ്കിൽപ്പോലും, ഒരു കുടുംബത്തൊഴിലായി പർപ്പടക നിർമ്മാണത്തിലേർപ്പെടുന്നു എന്നുള്ള യാഥാർത്ഥ്യം നമ്മൾ കണ്ടറിയണം. നിശ്ചയമായും സമാനതൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്നവരുമായിട്ട് അവരെ കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് ഒരു പ്രത്യേക ക്ഷേമനിധി രൂപീകരിക്കണമെന്ന ആവശ്യമാണ് ഞാൻ ഈ ബില്ലിലൂടെ മുന്നോട്ടുവച്ചിരിക്കുന്നത്. ഈ വിഭാഗത്തിന്റെ പ്രശ്നങ്ങളെക്കുറിച്ച് ഞാൻ ഇവിടെ പറഞ്ഞു. കർണ്ണാടകത്തിൽ ഇവർ പ്രബലൻമാരാണെങ്കിലും അവർക്ക് രാഷ്ട്രീയശക്തിയുണ്ട്. ഭരണ രംഗത്ത് ശക്തിയുണ്ട്. അംഗസംഖ്യയുണ്ട്. കേരളത്തിൽ ഇവർ ന്യൂനപക്ഷമാണ്. കേരളത്തിൽ ഇവർ പിന്നോക്ക ജനവിഭാഗത്തിൽപ്പെട്ടവരാണ്. പക്ഷെ പിന്നോക്ക ജനവിഭാഗങ്ങളാണെങ്കിൽപ്പോലും ഇവർക്ക് ഇന്നലെകളിൽ ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ മുഴുവൻ നിഷേധിച്ചിരിക്കുകയാണ്. ഈ വിഭാഗത്തെ എസ്.സി. പട്ടികയിൽനിന്നും ഒ.ബി.സി.-യിൽ നിന്നും പുറത്താക്കി. 1996-ൽ ഒ.ബി.സി.-യിൽ നിന്നും ഇവരെ പുറത്താക്കിയപ്പോൾ ഈ സഭാതലത്തിൽ നിരവധി പരാതികൾ

ഉയർന്നുവന്നതിനെത്തുടർന്ന് ഇവരുടെ ഇന്നത്തെ സാമൂഹ്യ പശ്ചാത്തലം പഠിക്കുവാനായി കിർത്താഡ്സിനെ ചുമതലപ്പെടുത്തി. കിർത്താഡ്സ് ഇതുവരെ ആ റിപ്പോർട്ട് തന്നിട്ടില്ല. കിർത്താഡ്സിന്റെ റിപ്പോർട്ട് വന്നുകഴിഞ്ഞാൽ ഇവരെ ഒ. ബി. സി.-യിൽ അല്ല എസ്. സി. പട്ടികയിൽ പുന:സ്ഥാപിക്കണം. 1961-ലെ കെ. കെ. വിശ്വനാഥൻ ഇവാല്യൂവേഷൻ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവർക്ക് എസ്.സി. പട്ടികയിലേയ്ക്ക് പുന:പ്രവേശനം നൽകണം. അതിന് കഴിയുന്നില്ലെങ്കിൽ Other Eligibility Community – OEC വിഭാഗത്തിൽപ്പെടുത്തി അവർക്ക് സാമൂഹ്യ സംരക്ഷണം നൽകണമെന്നുള്ളതാണ് ഈ രംഗത്തുയർന്നുവന്നിരിക്കുന്ന ആവശ്യം. ആ കാര്യത്തിൽ സാമുദായികമായ പരിഗണന, സാമൂഹ്യ നീതിക്കുവേണ്ടിയുള്ള പരിശ്രമം അതൊരുഭാഗത്ത് നടന്നു കൊണ്ടിരിക്കുന്നു. കിർത്താഡ്സിന്റെ delayed ആയിട്ടുള്ള റിപ്പോർട്ട് വന്നെങ്കിൽ മാത്രമേ ഗവൺമെന്റിന് ഭരണപരമായ ഒരു തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ. അതുകിട്ടിയാൽ അവരുടെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാകും. അത് കിട്ടാതിരിക്കുന്ന സാഹചര്യത്തിലാണ് തൊഴിൽ വകുപ്പ് സമാന മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ വിഭാഗങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് ഇവർക്ക് ഒരു പ്രത്യേക ക്ഷേമനിധി രൂപീകരിക്കണമെന്ന ആവശ്യം ഞാൻ മുന്നോട്ടുവയ്ക്കുന്നത്. അങ്ങനെയൊരു ക്ഷേമനിധിയുണ്ടെങ്കിൽ മാത്രമേ അർദ്ധപട്ടിണിക്കാരായി, മുഴുപ്പട്ടിണിക്കാരായി കഴിയുന്നവർക്ക് എന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളൂ. ഈ സമുദായത്തിൽപ്പെട്ട കുറെ ആളുകൾ വിദ്യാസമ്പന്നരായിട്ടുണ്ട്. ഇവർ പല മേഖലയിലേയ്ക്കും കടന്നുവന്നിട്ടുണ്ട്. പക്ഷെ ബഹുഭൂരിപക്ഷം ആളുകളും ഇന്നും പർപ്പടക നിർമ്മാണ തൊഴിലിൽത്തന്നെ ഏർപ്പെട്ടുകൊണ്ടിരിക്കുന്നുയെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അവർക്ക് മറ്റ് സപ്പോർട്ടുകൾ ഒന്നുമില്ല. സമൂഹത്തിൽ മറ്റ് സപ്പോർട്ടുകൾ ഇല്ലാത്ത ഒരു സമൂഹമായി പരിഗണിച്ചുകൊണ്ട് ഇവരുടെ സമുദായ പിന്നോക്കാവസ്ഥ, തൊഴിൽ മേഖലയിൽ ഇവർ നേരിടുന്ന വെല്ലുവിളികൾ, ഇവരുടെ പരിമിതികൾ ഇതെല്ലാം കണക്കിലെടുത്തുകൊണ്ട്, ഒരു ക്ഷേമനിധി രൂപീകരണ ത്തിലൂടെ മാത്രമേ അവർക്ക് സംരക്ഷണം കൊടുക്കാൻ കഴിയൂ. അതുകൊണ്ട് അവർക്കുവേണ്ടി ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കണം; ആ ക്ഷേമനിധി വിപുലങ്ങളായ പ്രവർത്തനങ്ങൾ ഉള്ള ഒരു ക്ഷേമനിധിയാകണം. അമിത പലിശക്കാരിൽ നിന്നും പണം കടമെടുത്ത്, ഓരോ ദിവസവും തിരിച്ചടച്ചുകൊണ്ട് തൊഴിലിൽ ഏർപ്പെടുന്നവരാണ് പർപ്പടകത്തൊഴിലാളികൾ. ഒരു കുടുംബത്തിലെ മുഴുവൻ ആളുകളും, കുഞ്ഞുകുട്ടിപരാധീനങ്ങൾ മുഴുവൻ പകലന്തിയോളം പണിയെടുത്താലും അവർക്ക് ഒരു ദിവസത്തെ നിത്യവൃത്തിക്കുള്ള പണംപോലും കിട്ടുന്നില്ല. പർപ്പടകത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പലരും ഇവിടെ പറഞ്ഞു. കേരളീയരെ സംബന്ധിച്ചിടത്തോളം നമ്മുടെ ആഹാരത്തിന്റെ പ്രധാനപ്പെട്ട ഒരു ഘടകമാണിത്. അതുകൊണ്ടാണ് ഒരു പാരമ്പര്യ കുലത്തൊഴിലായി ഇതിനെ ഒരു സമുദായം സ്വീകരിച്ചതെന്നുള്ള യാഥാർത്ഥ്യം നമുക്ക് വിസ്മരിക്കാൻ കഴിയില്ല. നിത്യവൃത്തിക്കുവേണ്ടി, ദൈനംദിനം പർപ്പടകമുണ്ടാക്കി ജീവിതം കണ്ടെത്തു ന്നതിനുവേണ്ടി, അമിത പലിശക്കാരെ ആശ്രയിക്കേണ്ടി വരുന്നവർക്ക് ഒരു ക്ഷേമനിധിയുണ്ടായാൽ ബാങ്ക് വായ്പകളും ക്ഷേമനിധിയുടെ സഹായഹസ്തവും അവർക്ക് കൊടുക്കാൻ കഴിയും. അവരെ ഇടത്തട്ടുകാർ ചൂഷണം ചെയ്യുന്നത്

LIBRARY ARCHIVES Kerala Legislative Assembly

അവസാനിപ്പിക്കാൻ കഴിയും. അവർക്ക് വിദ്യാഭ്യാസപരമായ സഹായങ്ങളും തൊഴിൽപരമായ സഹായങ്ങളും നൽകുന്നതിന് ഒരു സർവ്വെ നടത്തിക്കൊണ്ടുതന്നെ ഒരു നിഗമനത്തിലെത്തണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പുരനിറഞ്ഞു നിൽക്കുന്ന ധാരാളം പെൺകുട്ടികൾ ഈ വിഭാഗം തൊഴിലാളി കുടുംബങ്ങളിലുണ്ട്. ഏറ്റവും കൂടുതൽ പ്രായാധിക്യത്തിലെത്തിയിട്ടുള്ള സഹോദരിമാർ ഈ കുടുംബങ്ങളിലാണുള്ളത്. ഞാനും ശ്രീ. ടി. കെ. ദേവകുമാറുമൊക്കെ ആയിരക്കണക്കിന് ഇത്തരം കുടുംബങ്ങളുള്ള മേഖലയിൽനിന്ന് ജനപ്രതിനിധികളായി വന്നിട്ടുള്ളതാണ്. ഞങ്ങൾക്ക് നേരിട്ടറിയാം. പുരനിറഞ്ഞു നിൽക്കുന്ന സഹോദരിമാർ, ഗദ്ഗദകണ്ഠരായി നിൽക്കുന്ന സഹോദരിമാർ, സ്ത്രീധനത്തിന്റെ പേരിൽ വിവാഹംകഴിച്ചയയ്ക്കാൻ നിവൃത്തിയില്ലാതെ മാതാപിതാക്കൾ ദു:ഖിതരായി തലകുമ്പിട്ട് നിൽക്കുന്ന കാഴ്ച ഈ മേഖലയിലാണുള്ളതെന്ന യാഥാർത്ഥ്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്. പെൺകുട്ടികളുടെ വിവാഹസഹായമുൾപ്പെടെ കൊടുക്കുവാൻ ഒരു ക്ഷേമനിധി രൂപീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ഇത്തരമൊരു ക്ഷേമനിധി രൂപീകരിച്ചാൽ കുട്ടികളുടെ വിദ്യാഭ്യാസം, പെൺകുട്ടികളുടെ വിവാഹം, സ്വന്തം കുലത്തൊഴിൽ അഭംങ്കുരം മുന്നോട്ടുകൊണ്ടുപോകാനുള്ള അവസരം ഇതെല്ലാം പ്രദാനം ചെയ്യാൻ കഴിയും. പാർലമെന്ററി കാര്യ വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ ഇത്തരം അനൗദ്യോഗിക ബില്ലുകൾക്ക് മറുപടി പറയുവാൻ ഗവൺമെന്റും മന്ത്രിസഭയും ചുമതലപ്പെടുത്തിയതുകൊണ്ടാണ് അദ്ദേഹം ഒറ്റവാക്കിൽ മറുപടി പറഞ്ഞതെന്ന് എനിക്കറിയാം. പക്ഷെ തൊഴിൽ വകുപ്പുമന്ത്രി.....

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, സത്യം പറഞ്ഞാൽ ഞാൻ മറുപടി പറഞ്ഞപ്പോൾതന്നെ ശ്രീ. എം. മുരളിക്ക് മനസ്സിലായിക്കാണും. ഞാൻ വളരെ വിഷമിച്ച് വിഷമിച്ചാണ് എതിർക്കുന്നുയെന്ന് പറഞ്ഞത്. ഇവിടെ ഇരിക്കുന്ന അംഗങ്ങൾ ധരിച്ചത് ശ്രീ. മുരളിയോടുള്ള ഇഷ്ടംകൊണ്ടാണെന്നാണ്. ശ്രീ. എം. മുരളിയോടുള്ള ഇഷ്ടം പോലെതന്നെ ഈ സബ്ജക്ടിനോടുള്ള ഒരു പ്രതിബദ്ധതകൂടിയുണ്ട്. പക്ഷെ നിയമത്തിന്റെ അടിസ്ഥാനത്തിൽ വരുമ്പോഴുണ്ടാകുന്ന ഗവൺമെന്റിന്റെ സമീപനത്തിന്റെ ഭാഗമെന്നുമാത്രം അദ്ദേഹം ധരിച്ചാൽ മതി.

ശ്രീ. എം. മുരളി: അടൂരിലും ധാരാളം വീരശൈവ കുടുംബങ്ങളുണ്ട്. വീരശൈവർ മാത്രമല്ല, ശ്രീ. വി. കെ. സി. പറഞ്ഞതുപോലെ മറ്റു സമുദായത്തിൽപ്പെട്ടവരും ജീവിത മാർഗ്ഗമായി പർപ്പടക നിർമ്മാണം സ്വീകരിച്ചിട്ടുണ്ടെങ്കിൽ
11.00 a.m.] അവരെക്കൂടി ഉൾപ്പെടുത്തണം. ഇത് കേരളത്തിലുള്ള തൊഴിൽ മേഖലയാണ്. അതിന് ഇത്തരത്തിൽ സാമൂഹ്യമായ പശ്ചാത്തലവും സാമുദായികമായ പശ്ചാത്തലവും ചരിത്രപരമായ പശ്ചാത്തലവും ഉണ്ട്. അത് ഞാൻ ചൂണ്ടിക്കാണിച്ചു എന്നേയുള്ളൂ.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): അങ്ങ് പറഞ്ഞ വികാരത്തെ ഞാൻ എതിർക്കുന്നില്ല. ബഹുമാന്യനായ ലേബർ മിനിസ്റ്റർ ഇവിടെയുണ്ട്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൂടുതൽ ചർച്ച ചെയ്യണമെന്ന് മാത്രമേയുള്ളൂ. ഈ പൊതുവികാരത്തോട് ഗവൺമെന്റ് പൂർണ്ണമായും യോജിക്കുകയാണ്. എങ്ങനെ പ്രായോഗികമാക്കാം എന്നുള്ളതിനെക്കുറിച്ചുള്ള ചർച്ച വേണമെന്ന് മാത്രമേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : ഒരു പുതിയ ബിൽ അടുത്ത സഭയിൽ വരുന്നുണ്ട്. Shops and Establishments Act എന്ന നിലയിലാണ് വരുന്നത്. Shops and Establishments Act വന്നു കഴിഞ്ഞാൽ other establishments -ന്റെ ഭാഗമായിട്ട് പർപ്പടക നിർമ്മാണ തൊഴിലാളികളേയുംകൂടി അതിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്നത് നമുക്ക് പരിശോധിക്കാവുന്ന കാര്യമാണ്.

ശ്രീ. എം. മുരളി : എനിക്ക് ഏറെ സന്തോഷമായി. ഇപ്പോൾ അവർക്ക് ഒരു പരിഗണനയും ഇല്ല. Shops and Establishments Act വരുന്നു എന്ന് പറയുമ്പോൾ ഇത്തരം ചെറിയ വിഭാഗങ്ങളുടെ കാര്യം അവഗണിക്കപ്പെടുമോ എന്ന് എനിക്ക് സംശയമുണ്ട്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, ഈ വിഭാഗത്തിന് മാത്രമായി ഒരു പ്രത്യേക ക്ഷേമനിധി നിയമം കൊണ്ടുവന്നാലും അത് പ്രാവർത്തികമാക്കാൻ ബുദ്ധിമുട്ടുണ്ട്. കാരണം, infrastructure .സൗകര്യങ്ങൾ ഏർപ്പെടുത്തുമ്പോൾ ഇതിന് കിട്ടുന്ന അംശദായ ഫീസ് പോലും അതിന്റെ ചെലവിന് തികയുകയില്ല എന്ന് നമുക്കറിയാം. അപ്പോൾ ക്ഷേമനിധി യാഥാർത്ഥ്യമാവുകയില്ല. അത് നോക്കുകുത്തിയായി മാറും. അതുകൊണ്ട് സമാനസ്വഭാവമുള്ള തൊഴിൽ മേഖലയിലെ തൊഴിലാളികളെ കോർത്തിണക്കിക്കൊണ്ട് ഒരു ക്ഷേമനിധി വേണം. Shops and Establishments Act എന്ന് പറയുമ്പോൾ വിപുലമായ ഒരു concept ആയിപ്പോകും. ഇവർ അവഗണിക്കപ്പെട്ടുപോകും.

ശ്രീ. ടി. കെ. ദേവകുമാർ : ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഇവിടെ സംസാരിച്ചപ്പോൾ സൂചിപ്പിച്ചത് പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലാണ്. ഈ ബില്ലിന്റെ ഒരു പ്രത്യേകത, കേരളത്തിലെ ഏറ്റവും അവഗണിക്കപ്പെട്ട ഒരു ജനവിഭാഗമായി വീരശൈവർ മാറിയിരിക്കുകയാണ്. കാരണം, എസ്.സി.യുടെ പരിഗണന ഉണ്ടായിരുന്ന, ഒരു സമുദായത്തിന് അത് ഒ.ബി.സി.യുടെ പരിഗണനയായി മാറി. ഇന്ന് അവരെ അവിടെ നിന്നും മാറ്റിനിർത്തുമ്പോൾ നമ്മൾ എസ്റ്റാബ്ലിഷ്മെന്റിന്റെ ഭാഗമാക്കിക്കൊണ്ടുവരുക എന്ന് പറയുമ്പോൾ തൊഴിൽ വകുപ്പുമന്ത്രി മനസ്സിലാക്കിയിരിക്കേണ്ട ഒരു കാര്യം; ഇത് ഒരു പരമ്പരാഗത കുലത്തൊഴിൽ ആണ്. വീരശൈവ വിഭാഗത്തെ സംബന്ധിച്ചിടത്തോളം ഇത് ഒരു കുലത്തൊഴിലാണ്. ഇത് പരമ്പരാഗത വ്യവസായമാണ്. ഇതിനെ ഗ്രാമീണ വ്യവസായങ്ങളുടെ പട്ടികയിൽപ്പെടുത്താനും ചെറുകിട വ്യവസായങ്ങൾക്ക് കിട്ടുന്ന സഹായങ്ങൾ ചെയ്തു കൊടുക്കാനും കഴിയുക എന്നതാണ് പരമപ്രധാനമായ ഒരു കാര്യം. ആർത്തൻമാർ, ആലംബഹീനൻമാർ അവരെപ്പറ്റി പറയാൻ ആരെങ്കിലും വേണ്ടേ? അവർ ബുദ്ധിമുട്ട് അനുഭവിക്കുന്ന ആളുകളാണ്. അവർക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ തയ്യാറാകണ്ടേ? ഇത് ഒരു വലിയ കാര്യമല്ലേ? കുലത്തൊഴിൽ എന്ന നിലയ്ക്ക് പരമ്പരാഗത വ്യവസായത്തിന്റെ പട്ടികയിൽപ്പെടുത്തിക്കൊണ്ട് അവർക്ക് സഹായം ലഭ്യമാക്കുന്നതിനുള്ള ഒരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാവുകയല്ലേ വേണ്ടത്? എന്റെ അഭിപ്രായം ക്ഷേമനിധിയോടൊപ്പം തന്നെ അവരുടെ തൊഴിൽ സംരക്ഷിക്കാനുള്ള ചില നടപടികളും ലേബർ ഡിപ്പാർട്ടുമെന്റ് സ്വീകരിക്കണം എന്നാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : You can continue next time. (ചർച്ച തുടരും)

LIBRARY ARCHIVES Kerala Legislative Assembly